# നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിപ്പാൻ നോക്കുക

## ലൂക്കോസ് 11:35

"ആകയാൽ നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിപ്പാൻ നോക്കുക."

അന്ധകാരം നിറഞ്ഞ ലോകത്തിന്റെ നടുവിൽ, 'വെളിച്ചം' എന്ന വാക്കിന്റെ മൂല്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ മദ്ധ്യത്തിൽ, ദൈവപൈതലിന് ഏറെ മുന്നറിയിപ്പ് നൽകുന്ന വചനം ആണ് നാം കണ്ടത്. 'നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിപ്പാൻ നോക്കുക'. ഒരു മുന്നറിയിപ്പോടുകൂടിയ വലിയ ഉത്തരവാദിത്വം ഇതിൽ കാണാം.

ഉള്ളിലുള്ള വെളിച്ചം എന്ന യാഥാർത്ഥ്യം പോലും മറന്നുകൊണ്ടാണ് ഇന്ന് ദൈവമക്കളുടെ പോലും ജീവിതം എന്നു കാണാം. ലോകം, പിശാചിന്റെ അധീനതയിലെങ്കിലും, വെളിച്ചം ആയവൻ ദൈവപൈതലിന്റെ ഉള്ളിലുണ്ട്. ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യ വെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു. എന്ന് ദൈവവചനം നിരന്തരം ഓർമ്മിപ്പിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം മാത്രമേ ഇരുളിനെയും പ്രകാശിപ്പിക്കൂ. കൂരിരുട്ടിലും പ്രകാശിക്കുന്നത് ഒന്നേയുള്ളു, വെളിച്ചം. ലോകത്തിലേക്ക് പ്രകാശിച്ചുകൊണ്ടിരുന്ന സത്യവെളിച്ചമായവനെ ലോകം അറിഞ്ഞില്ല എന്ന് വചനം പഠിപ്പിക്കുന്നു. ഇന്നും സ്ഥിതി അതുതന്നെ, ലോകത്തിന്റെ നിയന്ത്രണത്തിലായവന്, ഈ പ്രകാശം എന്തെന്ന് പോലും തിരിച്ചറിയാൻ സാധിക്കില്ല. അതുകൊണ്ട് ദൈവപൈതലേ നീ ജാഗ്രതയോടെ ആയിരിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.

ആകയാൽ എന്നു പറഞ്ഞാണല്ലോ പ്രസ്തുത വാക്യം ആരംഭിച്ചത്. കാരണവും അതിനു മുമ്പ് വ്യക്തമാക്കുന്നു. ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നുവെന്നും കണ്ണ് ചൊവ്വുള്ളതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. അതുകൊണ്ട് നിന്നിലുള്ള വെളിച്ചം ഇരുളാതിരിപ്പാൻ നോക്കുക. നമുക്കറിയാം, രാത്രികാലങ്ങളിലുള്ള യാത്രയിൽ, നമ്മുടെ വഴി സുഗമമായി കണ്ടാലേ യാത്ര വളരെ സുഖകരമാകൂ. എവിടെയെങ്കിലും, വഴിമദ്ധ്യേയുള്ള പ്രകാശം മങ്ങിയാൽ, അപരിചിതർ വഴിമദ്ധ്യേ കുടുങ്ങിയതു തന്നെ. ഇതു തന്നെയാണ്, കർത്താവ് ഒരുവന്റെ ശരീരത്തിലെ കണ്ണിനെ എപ്രകാരം സൂക്ഷിക്കണമെന്ന് പറയുന്നതിന്റ സാരം. കാഴ്ച നന്നായാൽ കാഴ്ചപ്പാടും ശരിയാകും. നല്ലത് ദർശിക്കാൻ, ഉൾക്കൊള്ളാൻ, അത് നല്ല രീതിയിൽ ദേഹം, ദേഹിക്ക് പ്രകാശമായി തീരാൻ ദൈവകൃപ കൂടിയേ തീരൂ. കണ്ണിലൂടെ നാം കാണുന്നത്, ഹൃദയത്തിന്റെ ഉൾത്തടങ്ങളെ, ഹൃദയദൃഷ്ടിയെ പ്രകാശിപ്പിക്കുന്ന തരത്തിലാകണം. അപ്പോസ്തോലൻ തന്റെ ലേഖനത്തിൽ ഓർമ്മിപ്പിക്കുന്നു 'ഹൃദയദൃഷ്ടി' പ്രകാശിച്ചിട്ടുവേണം മുന്നിലുള്ള പ്രത്യാശയും അവകാശവും ഒക്കെ ദൈവപൈതൽ തിരിച്ചറിയാൻ.

ഒരു കഥ ഇങ്ങനെ വായിക്കകയുണ്ടായി. ഒരു ഗ്രാമത്തിൽ മുളകൊണ്ട് വിളക്ക് ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യക്തി ഉണ്ടായിരുന്നു. ഒരിക്കൽ ഒരു അന്ധനായ സുഹൃത്ത് തന്നെ കാണുവാനായി വന്നു. മടങ്ങിപോയപ്പോൾ സമ്മാനമായി ഒരു വിളക്ക് കൊടുത്തു.

കാഴ്ചയില്ലാത്ത തനിക്ക് ഇതിന്റെ ആവശ്യം ഇല്ലെന്നു പറഞ്ഞപ്പോൾ കൂട്ടുകാരാ താങ്കൾ മടങ്ങിപ്പോകുമ്പോൾ നേരം ഇരുട്ടും, അപ്പോൾ താങ്കളെ മറ്റാരും തിരിച്ചറിയാതെ ഇടിക്കാതിരിക്കുന്നതിന് ഈ വിളക്ക് സഹായിക്കും എന്നുപറഞ്ഞ് നിർബന്ധിച്ചു കൊടുത്തു. അന്ധനായ വ്യക്തി വിളക്കുമായി യാത്ര തുടങ്ങി. നേരം വൈകി, കുറച്ച് കഴിഞ്ഞ് ഒരു വഴിയാത്രക്കാരൻ ഇരുട്ടത്ത് വന്ന് അദ്ദേഹവുമായി കൂട്ടിയിടിച്ചു. കാഴ്ചയില്ലാത്ത വ്യക്തി ദേഷ്യപ്പെട്ടുകൊണ്ട് ചോദിച്ചു, താങ്കൾ എവിടെ നോക്കിയാണ് നടക്കുന്നത്? എന്റെ കൈയ്യിലുള്ള കത്തിച്ച വിളക്ക് കണ്ടില്ലേ? അപ്പോൾ വഴിയാത്രക്കാരൻ പറഞ്ഞു. ക്ഷമിക്കണം, അതുകണ്ടില്ല, കാരണം അങ്ങയുടെ കൈയ്യിലുള്ള വിളക്ക് അണഞ്ഞു പോയിരിക്കുന്നു.

പ്രിയപ്പെട്ടവരേ, കഥയിൽ കണ്ടതുപോലെ പ്രകാശം പരത്തുന്ന നമ്മിലുള്ള വിളക്ക്, ഈ ലോകയാത്രയിലായിരിക്കുമ്പോൾ അണഞ്ഞുപോയാൽ, അത് വളരെ അപകടകരമായ അവസ്ഥയാണ്. കത്തുന്ന വിളക്കുമായാണ് നമ്മുടെ യാത്രയെന്ന് നാം കരുതുന്നു. എന്നാൽ ജീവിതത്തിന്റെ എല്ലാ മേഖലയിലും, ഈ വിളക്കിന്റെ പ്രകാശത്തിനനുസരിച്ചാണോ യാത്ര എന്ന് നമുക്ക് പരിശോധിക്കാം. 'അനീതിയുടെ കൂലി' കൊതിച്ചു പുറപ്പെട്ട ബിലയാമിന്റെ വാചകങ്ങൾ മനോഹരങ്ങളായിരുന്നു, പക്ഷേ പ്രവൃത്തി ശുഭകരമല്ലാത്തതും. ബുദ്ധി കൊണ്ട് പറഞ്ഞതൊക്കെ പ്രകാശം പരത്തുന്ന കാര്യങ്ങളും, ഹൃദയത്തിൽ നിരൂപിച്ചത് ഇരുട്ടിന്റെ ആശയങ്ങളുമായിരുന്നു.

അതുകൊണ്ട് വചനം തരുന്ന താക്കീത്, ശ്രദ്ധയോടെ, ജാഗ്രതയോടെ, നമുക്ക് ഏറ്റെടുക്കുവാൻ കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം. ഇരുൾ നിറഞ്ഞ ലോകത്തിന്റെ കോണുകളെ പ്രകാശിപ്പാനായി, വെളിച്ചം അയച്ചവൻ നമ്മുടെ ഉള്ളിൽ ജ്വലിച്ചു കൊണ്ടിരിക്കുകയാണ്. എണ്ണ കുറഞ്ഞുപോകാതെ അത് കത്തി പടരട്ടെ. പരിശുദ്ധാത്മാവിന്റെ ശക്തിയിലും, സാന്നിദ്ധ്യത്തിലും, നിരന്തരം നിറയപ്പെടുവാൻ കർത്താവേ സഹായിക്കണമേ. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നുവെന്ന് വചനം പഠിപ്പിക്കുന്നു. അതേ, ഈ ജീവനായവനിൽ തന്നെ നമുക്ക് വസിക്കാം. ശരീരം മുഴുവൻ പ്രകാശിതമാകട്ടെ. കണ്ണ് ഏറെ പരിജ്ഞാനത്തോടുകൂടി ഉപയോഗിക്കാൻ കർത്താവ് കൃപ ചെയ്യുമാറാകട്ടെ. ഉള്ളിലുള്ള വെളിച്ചം അല്പം പോലും മങ്ങിപോകാതെ ആ വെളിച്ചത്തിന്റെ സാന്നിദ്ധ്യം നമ്മുടെ ചുറ്റും പ്രകാശം പരത്തുവാനും ഇടയാക്കട്ടെ.

പരാമർശം:

യോഹന്നാൻ 8:12

യേശു പിന്നെയും അവരോടു സംസാരിച്ചു: “ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും” എന്നു പറഞ്ഞു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 144